**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

## ഹജ്ജ് 2022-അപേക്ഷാ സമർപ്പണം ആരംഭിച്ചു
## അവസാന തിയ്യതി 2022 ജനുവരി 31

2022-ലേക്കുള്ള ഓൺലൈൻ ഹജ്ജ് അപേക്ഷാ സമർപ്പണം ആരംഭിച്ചു. 2022 ജനുവരി 31 ആണ് അവസാന തിയ്യതി.

കോവിഡ് പശ്ചാത്തലത്തിൽ പ്രത്യേകമായ നിർദ്ദേശങ്ങളും വിശദമായ ആക്ഷൻ പ്ലാനും കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. തീർത്ഥാടകർ കോവിഡ് മാനദണ്ഡപ്രകാരം ഉള്ള നിബന്ധനകൾ പാലിക്കണം. യാത്രയുടെ ഒരു മാസം മുമ്പെങ്കിലും രണ്ട് അംഗീകൃത കോവിഡ് വാക്സിനേഷൻ എടുത്തവരായിരിക്കണം.

* അപേക്ഷാ നടപടിക്രമങ്ങൾ താൽക്കാലികമാണ്. ഹജ്ജ് 2022 സംബന്ധിച്ച് സൗദി ഹജ്ജ് അതോറിറ്റി പുറത്തിറക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും തുടർ നടപടികൾ.

* പൂർണ്ണമായും ഓൺലൈൻ വഴിയാണ് അപേക്ഷാ സമർപ്പണം. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ www.hajcommittee.gov.in എന്ന വെബ്സൈറ്റിലും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ www.keralahajcommittee.org എന്ന വെബ്സൈറ്റിലും അപേക്ഷയിടെ ലിങ്ക് ലഭ്യമാണ്. "HCOI" എന്ന മൊബൈൽ അപ്ലിക്കേഷൻ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

* **<u>അപേക്ഷ പ്രോസസിംഗ് ഫീ:</u>** അപേക്ഷയോടൊപ്പം ഒരാൾക്ക് 300രൂപ വീതം പ്രോസസിംഗ് ചാർജ്ജ് അടക്കേ താണ് (Non-refundable processing fee). www.hajcommittee.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി പണമടക്കാവുന്നതാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിലും (2020&2021) ലേഡീസ് വിതൗട്ട് മെഹ്റം (LWM) വിഭാഗത്തിൽ അപേക്ഷിച്ചവർ ഇത്തവണ അപേക്ഷിക്കുമ്പോൾ പ്രോസസിംഗ് ചാർജ്ജ് അടക്കേണ്ടതില്ല.

* അപേക്ഷകർക്ക് 31-01-2022നോ അതിന് മുമ്പോ ഇഷ്യൂ ചെയ്തതും, 31-12-2022 വരെ കാലാവധിയുള്ളതുമായ മെഷീൻ റീഡബിൾ പാസ്പോർട്ട് ഉണ്ടായിരിക്കേണ്ടതാണ്.

* 2022 ജൂലായ് 10ന് 65 വയസ്സ് പൂർത്തിയാകാത്തവരായിരിക്കണം അപേക്ഷകർ.

* കുടുംബ ബന്ധമുള്ള പരമാവധി **അഞ്ച് (5) പേർക്ക്** വരെ ഒരു കവറിൽ അപേക്ഷിക്കാം. കവർ ലീഡർ പുരുഷനായിരിക്കണം. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിന്റെ ചുമതല കവർ ലീഡർക്കുള്ളതാണ്.

* അപേക്ഷകരുടെ പാസ്പോർട്ടിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകൾ, പാസ്പോർട്ട് സൈസ് കളർ ഫോട്ടോയും (വൈറ്റ് ബാക്ക് ഗ്രൗണ്ടുള്ളതും 70% മുഖം വരുന്നത്), പ്രോസസിംഗ് ഫീസടച്ച പേ-ഇൻ സ്ലിപ്പ്, മുഖ്യ അപേക്ഷകന്റെ ക്യാൻസൽ ചെയ്ത **IFS** കോഡുള്ള ബാങ്ക് ചെക്കിന്റെ/പാസ്ബുക്കിന്റെ കോപ്പി എന്നിവ ഓൺലൈൻ അപേക്ഷയിൽ അപ്‌ലോഡ് ചെയ്യേ താണ്.

* ഹജ്ജ് യാത്ര 36 മുതൽ 42 ദിവസങ്ങളായിരിക്കും.

* അപേക്ഷകർ ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടില്ലാത്തവരായിരിക്കണം. ഇതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്.

* 2022 ജൂലായ് 10ന് 45 വയസ്സ് പൂർത്തിയായവരും 65 വയസ്സ് കഴിയാത്തവരുമായ പുരുഷ മെഹ്റം ഇല്ലാത്ത ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടില്ലാത്ത സ്ത്രീകൾക്ക് ഒരു കവറിൽ ഇസ്ലാമിക മദ്ഹബുകളുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്. ഇത്തരം അപേക്ഷകരിൽ കുറഞ്ഞത് നാല് പേരെങ്കിലും (പരമാവധി 5പേർ) ഒരു കവറിൽ ഉണ്ടായിരിക്കണം. പ്രസ്തുത സ്ത്രീകൾ എല്ലാവരും (4 പേരെങ്കിലും) ഹജ്ജ് യാത്രയിൽ ഒപ്പമു ായിരിക്കണം.

* നിശ്ചിത എംബാർക്കേഷൻ പോയിന്റ് മുഖേന മാത്രമേ പുറപ്പെടാൻ സാധ്യമാവു.

* കോവിഡ് സാഹചര്യത്തിൽ NRI അപേക്ഷകർക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതല്ല.

* തെരഞ്ഞെടുക്കപ്പെടുന്ന ഹാജിമാരുടെ ഒന്നാം ഗഡുവായി അടക്കേണ്ട തുക 81,000 ആയിരിക്കും .

* ആദ്യഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നും നറുക്കെടുപ്പിന് ശേഷം തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർ അവരുടെ അപേക്ഷയും, ഒർജിനൽ പാസ്പോർട്ടും, അഡ്വാൻസ് തുകയടച്ച രശീതി, മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് രണ്ടാം ഘട്ടത്തിൽ സമർപ്പിക്കണം.

ഓൺലൈൻ ഹജ്ജ് അപേക്ഷാ സമർപ്പണവുമായി ബന്ധപ്പെട്ട് ഹജ്ജ് ട്രൈനർമാർക്കും, സംസ്ഥാനത്തെ എല്ലാ ജില്ലയിലേയും അക്ഷയ/ഐ.ടി. സംരംഭകർക്കും അപേക്ഷാ സമർപ്പണം സംബന്ധിച്ച ഓൺലൈൻ പരിശീലന പരിപാടി സംസ്ഥാന ഹജ്ജ് കമ്മിറ്റി സംഘടിപ്പിക്കുന്നതാണ്. ട്രൈനിംഗ് പരിപാടിയിൽ മുകളിൽ പ്രതിപാദിച്ചവർക്ക് പങ്കെടുക്കാവുന്നതാണ്. പരിശീലന പരിപാടികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് ഹജ്ജ് ഹൗസ് കരിപ്പൂർ: 0483-2710717, 2717572. റീജ്യണൽ ഓഫീസ്സ് കോഴിക്കോട് 0495 2938786.

(ഒപ്പ് )
അസിസ്റ്റന്റ് സെക്രട്ടറി